# ‘മണ്ണിൽ ജീവിക്കുന്ന ജനതയെ ഞാൻ സ്നേഹിക്കുന്നു’

## ലോകപ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ആനന്ദ് പട്‌വർധനുമായി കേരളീയം നടത്തിയ അഭിമുഖത്തിൽ നിന്ന്

**? യുദ്ധവും സമാധാനവും എന്ന ചിത്രം നിർമ്മിക്കാനുണ്ടായ പ്രേരണയെന്തായിരുന്നു ?**

98ൽ നടന്ന ആണവ പരീക്ഷണങ്ങളായിരുന്നു പ്രധാന പ്രേരണ. പതുക്കെ പതുക്കെ ഉയർന്നു വന്ന ആണവ വിരുദ്ധ മുന്നേറ്റങ്ങളും ഇത്തരമൊരു ഡോക്യുമെന്ററി നിർമ്മിക്കാൻ പ്രചോദനമായി. യഥാർത്ഥത്തിൽ ജനങ്ങൾ പരീക്ഷണം ആഘോഷിക്കുന്നത് പകർത്തുകയാണ് ചെയ്തിരിക്കുന്നത്. പക്ഷെ ഇന്ത്യയൊട്ടാകെ നടന്ന ഈ ആഘോഷങ്ങൾക്കിടയിലും ആണവവിരുദ്ധ പ്രവർത്തനങ്ങളും പ്രവർത്തകരേയും കണ്ടെത്തുവാൻ കഴിഞ്ഞു. ഞാൻ അവരോടൊത്തു ചേർന്നു. ജപ്പാനിൽ നിന്നും ആണവ ബോംബിന്റെ ഇരകളായ ചിലർ ഇന്ത്യയിലും പാക്കിസ്ഥാനിലും പര്യടനം നടത്തുകയുണ്ടായി. അവർ എന്നെ ജപ്പാനിലേക്ക് ക്ഷണിച്ചു. അതുപോലെതന്നെ പാക്കിസ്ഥാനിലേക്ക് പോകാനും ഒരവസരം കിട്ടി. അങ്ങനെ പ്രതീക്ഷിക്കാതെ കൂടുതൽ ദൃശ്യങ്ങളും വിവരങ്ങളും വന്നു കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് മൂന്നമണിക്കൂറോളം നീളം ചിത്രത്തിന് വന്നത്.

**? പൊക്രാൻ IIന്റെ ബാക്കി പത്രമെന്താണ് ?**


പല കാര്യങ്ങളുടെ കൂടിച്ചേരലാണ് പൊക്രാൻ II ഉണ്ടാക്കിയതെന്ന് എനിക്ക് തോന്നുന്നു. ഒന്ന് രാഷ്ട്രീയക്കാരുടെ ലാഭങ്ങളാണ്. 1950ൽ തന്നെ ജനസംഘ മാനിഫെസ്റ്റോയിൽ ആറ്റംബോംബിനെക്കുറിച്ച് സംസാരിക്കുന്നുണ്ട്. ഇത് ചൈനീസ് ബോംബ് പരീക്ഷണത്തേക്കാളും വളരെ മുൻപാണെന്നോർക്കണം (1964). കോൺഗ്രസ്സും ഇരട്ടത്താപ്പാണ് ആദ്യം മുതൽ കാണിച്ചിരിക്കുന്നത്. ശാന്തിയുടെ മന്ത്രം സദാ ഓതിയിരുന്ന നെഹ്റുവും ആറ്റംബോംബ് എന്ന സാധ്യത തള്ളിയിരുന്നില്ല. ശാന്തിക്കു വേണ്ടി നിലകൊണ്ട മഹാനായ ശാസ്ത്രജ്ഞനായ ഹോമിഭാഭയും ന്യൂക്ലിയർ ബോംബിനെ എതിർത്തിരുന്നില്ല. പതുക്കെപ്പതുക്കെ ശാസ്ത്രജ്ഞന്മാരിൽ ന്യൂക്ലിയർ ബോംബ് എന്നത് സ്ഥാനം പിടിച്ചു. ന്യൂക്ലിയർ പരീക്ഷണങ്ങൾ മുതലായ ആയുധസംബന്ധിയായ കാര്യങ്ങൾ പണം ഒഴുകുന്നതിനുള്ള മറയാണ്. മറ്റൊരർത്ഥത്തിൽ എത്ര തുക വേണമെങ്കിലും ദേവരക്ഷയുടെ പേരിൽ എഴുതിയെടുക്കാവുന്ന ബ്ലാങ്ക് ചെക്കാണ് ദേശസുരക്ഷയെ സംബന്ധിച്ചുള്ള പരീക്ഷണങ്ങൾ. ആണവായുധങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക, അവയുടെ ഉപയോഗങ്ങൾ, കാര്യക്ഷമത തുടങ്ങിയവയെല്ലാം രഹസ്യമായി വെക്കപ്പെടുന്നു. അങ്ങനെ രാഷ്ട്രീയക്കാരുടേയും ശാസ്ത്രജ്ഞന്മാരുടേയും നിക്ഷിപ്ത താൽപ്പര്യങ്ങളാണ് പോക്രാൻ II ഉണ്ടാക്കിയത്.

**? യുദ്ധം കൂടാതെ തീവ്രവാദം ഒഴിക്കാൻ പറ്റുമോ?**

തീവ്രവാദത്തിന്റെ ഉറവിടം തേടിപ്പോകലാണ് ആദ്യംചെയ്യേണ്ടത്. എങ്ങനെ, എവിടെ നിന്ന്, ആരാൽ തീവ്രവാദം ഉണ്ടാക്കപ്പെടുന്നു എന്നറിയുമ്പോൾ അത് ഒഴിവാക്കാനുള്ള ശ്രമങ്ങൾ ഏതാണെന്ന് തിരിച്ചറിയാൻ കഴിയും.

**? യുദ്ധത്തിനേയും ആയുധങ്ങളേയും കുറിച്ച് പറയുന്നതിനിടയിൽ രാഷ്ട്രീയത്തിലെ അഴിമതികളെക്കുറിച്ച് പരാമർശിക്കുന്നല്ലോ. അത് വിഷയത്തിൽ നിന്നും വഴിമാറിപ്പോകുന്നില്ലേ?**

അത് വിഷയത്തിൽ നിന്നും മാറലല്ല. അഴിമതി എന്നുള്ളത് യുദ്ധാനുകൂലമായ ഒരു മനസ്ഥിതിയുടെ അടിത്തട്ടിലുള്ളതാണ്. ‘ദേശസ്നേഹം’ എന്നു പറയുന്നതിന്റെ പിന്നിലെന്താണെന്ന് അന്വേഷിക്കണം. ജോർജ് ഫെർണാണ്ടസ്സിനെപ്പോലെ ‘ദേശസ്നേഹി’കളായ ഒട്ടേറെപ്പേർ ഇന്ത്യയിലുണ്ട്. അദ്ദേഹം ‘ദേശസ്നേഹ’ത്തെക്കുറിച്ച് ധാരാളം സംസാരിക്കുന്നു. എന്താണ് യഥാർത്ഥ്യമെന്ന് മനസ്സിലാകുമ്പോൾ നിങ്ങൾക്ക് കാര്യം വ്യക്തമാകുന്നു. സത്യത്തിൽ അവർ കോടികൾ ഉണ്ടാക്കുകയാണ്. അതുകൊണ്ട് അഴിമതിയുടെ ഭാഗം മനസ്സിലാക്കുന്നത് ദേശസ്നേഹം, ഹിന്ദുത്വം എന്നിവ മനസ്സിലാക്കുന്നതിന് പ്രധാനപ്പെട്ട ഘടകമാണ്. (സിനിമയിലെ രംഗത്തെ പരാമർശിച്ചു കൊണ്ട്) ആർ.എസ്സ്.എസ്സ് നേതാവ് പണം വാങ്ങുന്നത് നിങ്ങൾ കണ്ടതാണല്ലോ. സാധാരണക്കാരും ഇത്തരക്കാരും ദേശസ്നേഹം ആഘോഷിക്കുന്നത് ഒരേ പോലെയല്ല. ഇന്ന് ഇന്ത്യാ-പാക് യുദ്ധത്തിന്റെ വക്കിലെത്തി നിൽക്കുന്ന സമയമാണ്. രാജ്യസുരക്ഷയുടെ പേരിലല്ല യുദ്ധം ഉണ്ടാകാൻ പോകുന്നത്. ജനങ്ങളുടെ കാര്യത്തിൽ അവർക്ക് താല്പര്യമില്ല. അധികാരം മാത്രമാണ് താല്പര്യം. അത് നിലനിർത്തുന്നതിനുവേണ്ടി അവർ എന്തു വേണമെങ്കിലും ചെയ്യും.



**? ദേശസ്നേഹം പ്രകടിപ്പിക്കേണ്ട എന്നാണോ?**

ദേശസ്നേഹം നിങ്ങൾക്ക് പ്രകടിപ്പിക്കാം. പക്ഷെ ദേശത്തെ ജനങ്ങളെ സ്നേഹിച്ചു കൊണ്ടാണ് അത് പ്രകടമാക്കേണ്ടത്. അല്ലാതെ ദേശത്തെ മാത്രം സ്നേഹിച്ചുകൊണ്ടല്ല. അതായത് ഞാൻ മണ്ണിനെ സ്നേഹിക്കുകയല്ല, ഞാൻ ആ മണ്ണിൽ ജീവിക്കുന്ന ആളുകളെയാണ് സ്നേഹിക്കുന്നത്. ഞാൻ കാശ്മീരിനെ സ്നേഹിക്കുകയാണെങ്കിൽ, ഞാൻ കാശ്മീരികളെ സ്നേഹിക്കണം. ഞാൻ കാശ്മീരിന്റെ മണ്ണിനെ സ്നേഹിക്കുന്നു എന്ന് പറഞ്ഞ് ഒരു പിടി കാശ്മീരി മണ്ണ് പോക്കറ്റിലിട്ടു നടക്കുകയല്ല ചെയ്യേണ്ടത്. ആ മണ്ണിൽ ജീവിക്കുന്ന ജനതയെ

(ശേഷം 5-ാം പേജിൽ)

# അഴിമതി, ദേശസ്നേഹം, യുദ്ധം..

(പേജ് 1 തുടർച്ച)

ഞാൻ സ്നേഹിക്കുന്ന അവർ കഷ്ടപ്പെടരുതെന്നും അവർ കൊല്ലപ്പെടരുതെന്നും ഞാൻ ആഗ്രഹിക്കുന്നു. അവർക്കും ആവിഷ്കാരസ്വാതന്ത്ര്യം വേണം. എല്ലാ ജനാധിപത്യ അവകാശങ്ങളും അവർക്കും വേണം. ഒരു തോക്കിനെപ്പേടിച്ച് ഒരു സ്ഥലത്ത് ജീവിക്കേണ്ട അവസ്ഥ വരരുത്. എല്ലാ ജനങ്ങളും സുരക്ഷിത ബോധത്തോടെ സ്വന്തം താല്പര്യത്തോടെ ജീവിക്കുന്ന ഒരു രാജ്യമാണ് യഥാർത്ഥ രാജ്യം. നിർബന്ധിതമായി ഒരു സ്ഥലത്ത് ജീവിക്കേണ്ടി വരുന്നെങ്കിൽ അത് ജയിലിനു തുല്യമായിരിക്കും. ഗാന്ധിജിയും ജയപ്രകാശ് നാരായണനുമെല്ലാം വിശ്വസിച്ചിരുന്നത് കാശ്മീരി ജനതയ്ക്ക് എവിടെക്കഴിയണം എന്ന തീരുമാനിക്കാനുള്ള അവകാശം കൊടുക്കണമെന്നാണ്. ഹിതപരിശോധന നടത്താൻ നെഹ്റുവിന് സമ്മതമായിരുന്നെങ്കിലും പലവിധ സമ്മർദ്ദങ്ങളാൽ അദ്ദേഹം പിന്നീട് അതിന് സമ്മതിച്ചില്ല. കാശ്മീർ പ്രശ്നം പരിഹരിക്കുകയാണെങ്കിൽ അതിർത്തിയിലെ പ്രശ്നം പരിഹരിക്കാനാകുമെന്നും ഇന്ത്യക്കും പാക്കിസ്ഥാനും സുഹൃത്തുക്കളാകാമെന്നു ഞാൻ കരുതുന്നു. പക്ഷെ പ്രശ്നം ഉണ്ടെന്നു പോലും സമ്മതിക്കാൻ പലരും തയ്യാറല്ല.

**? ശാന്തിയാത്രയെപ്പറ്റി.... ?**

ആറ്റംബോംബിനെക്കുറിച്ച് ജനങ്ങൾക്ക് തെറ്റിദ്ധാരണയുണ്ട്. വലിയൊരു 'പടക്കം' എന്നല്ലാതെ മറ്റൊന്നും അവർക്കറിയില്ല. ഈ നഗരം മുഴുവൻ ചുട്ടുചാമ്പലാക്കാൻ ഇതിനു കഴിയുമെന്നവർക്കറിയില്ല. ഈയൊരു അറിവില്ലായ്മ മാറ്റിയാൽ തന്നെ പ്രശ്നം പരിഹരിക്കപ്പെടും. ഈയൊരു തിരിച്ചറിവാണ് ഞങ്ങളുടെ ശാന്തിയാത്രക്ക് ആശ നൽകിയത്. കട്ടതലാളുകളിലെത്തുക എന്നതു മാത്രമേയുള്ളൂ. ജനങ്ങളെ 'എത്തിപ്പെടാൻ പറ്റില്ല' എന്നു പറഞ്ഞ് എഴുതി തള്ളാൻ പറ്റില്ല.

**? ഗാന്ധിസത്തെക്കുറിച്ച്...?**

അഹിംസയെക്കുറിച്ച് പറയുമ്പോൾ രണ്ടുകാര്യങ്ങളാണ് ചേർന്നു വരുന്നത്. ഒന്ന് പ്രായോഗികതയും മറ്റൊന്ന് ധാർമ്മികതയുമാണ് . വ്യക്തിപരമായി ഞാൻ അഹിംസയുടെ മാർഗ്ഗമാണ് തെരഞ്ഞെടുക്കുക. ആക്രമണത്തിന്റേയും ഹിംസയുടേയും മാർഗ്ഗമാണ് കൂടുതൽ ഫലപ്രദം എന്ന് മനസ്സിലായാൽ പോലും ഞാൻ അതിൽ പങ്കെടുക്കില്ല. കാരണം ധാർമ്മികമായും പ്രയോഗികമായും ഞാൻ അഹിംസയുടെ കൂടെയാണ്. എന്റെ കയ്യിൽ ഒരു തോക്കുണ്ടെങ്കിലും എന്റെ വർഗ്ഗ ശത്രുവിനേയോ, ഒരു ഫാഷിസ്റ്റിനേയോ എനിക്ക് വെടിവെക്കാൻ സാധിക്കില്ല. എനിക്ക് കഴിയാത്തത് ഞാൻ മറ്റുള്ളവർക്ക് ഉപദേശിക്കാറില്ല. ഞാൻ മാർക്സിയൻ ചിന്താഗതിക്കാരനായിരുന്ന സമയത്തുവരെ ആയുധമെടുത്തുള്ള സമരത്തിനോട് യോജിച്ചിരുന്നില്ല. എന്റെ ആദ്യ ചിത്രം അടിയന്തരാവസ്ഥ കാലത്തെ തടവുകാരെക്കുറിച്ചായിരുന്നു. പക്ഷെ ഞാനൊരിക്കലും അവരെ എതിർക്കാത്തത് അവർ ചെയ്യുന്നത് തെറ്റാണെന്ന് പറയാനെനിക്ക് അവകാശമില്ലാത്തതുകൊണ്ടാണ്. യഥാർത്ഥത്തിൽ എന്റെ ദർശനം ഗാന്ധിയുടേയും മാർക്സിന്റെയും ചിന്തകൾ കൂടിക്കുഴഞ്ഞതാണ്.

**? ഡോക്യുമെന്ററി നിർമിക്കാൻ ധനസമാഹാരണം പ്രശ്നമായോ?**

സ്വന്തം പണം ഉപയോഗിച്ചാണ് ചിത്രങ്ങൾ നിർമ്മിക്കുന്നത്. ഒരു ഏജൻസിയിൽ നിന്നും പണം സ്വീകരിക്കാറില്ല.

**? ഗ്രാമീണരിലേക്കും ഇത്തരം ചിത്രങ്ങൾ എത്തേണ്ടതല്ലേ...?**

കാണുന്നവരിൽ പകുതിയിലേറെപ്പേർക്ക് ഭാഷാ പ്രശ്നം കാരണം ചിത്രത്തിൽ പറയുന്ന മുഴുവൻ കാര്യങ്ങളും മനസ്സിലാക്കാൻ പറ്റുന്നില്ല എന്ന് കേരളത്തിലുടനീളം നടന്ന പ്രദർശനങ്ങളിൽ നിന്ന് മനസ്സിലായി. ഇത്തരം ചിത്രങ്ങളുടെ പ്രാദേശികഭാഷാ പതിപ്പുകൾ നിർമ്മിക്കേണ്ടത് ആവശ്യമാണ്. കേരളത്തിലെ സാക്ഷരതാ നിരക്കു മൂലം മലയാളം സബ്ടൈറ്റിലുകൾ ചേർക്കുന്നതോടെ ഭാഷാപ്രശ്നം തീർക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ ചെയ്താൽ ഓരോ ഗ്രാമത്തിലും ഇതിന്റെ പ്രദർശനം നിങ്ങൾക്ക് നടത്താവുന്നതാണ്.

**? താങ്കളുടെ ചിത്രങ്ങളെ വിമർശകർ എങ്ങനെ നേരിട്ടു?**

'രാം കെ നാം' എന്ന ചിത്രം എടുത്തതോടെ കമ്മ്യൂണിസ്റ്റ് എന്ന പേര് വീണു. അമേരിക്കൻ മ്യൂസിയത്തിൽ 'രാം കെ നാം' പ്രദർശിപ്പിക്കാൻ ശ്രമം നടത്തിയപ്പോൾ അതൊരു കമ്മ്യൂണിസ്റ്റ് ചിത്രമാണ് എന്ന് പറഞ്ഞ് പ്രദർശനം തടയാൻ ശ്രമിച്ചു. പക്ഷെ ഇന്ത്യയിലെ ജനാധിപത്യ സംവിധാനത്തിൽ മാത്രമേ ഇത്തരം ചിത്രങ്ങൾ നിർമ്മിക്കാൻ സാധിക്കൂ എന്ന് എന്റെ പാക്കിസ്ഥാനി സുഹൃത്തുക്കൾ പറയാറുണ്ട്. അവർക്ക് അവിടെ (പാക്കിസ്ഥാൻ) ചിത്രങ്ങൾ നിർമ്മിക്കാൻ പോലും കഴിയുന്നില്ല.

---

**തയ്യാറാക്കിയത്: ബിജു**